LIBRARY ARCHIVES Kerala Legislative Assembly

വീഡിയോവാളുകൾ

6 (5353) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ആന്റ്പി.ആർ. വകുപ്പ് ജില്ലകളിൽ വീഡിയോവാളുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ ഭരണതലത്തിൽ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഐ.&പി.ആർ. വകുപ്പ് ആറ് ജില്ലകളിൽ വീഡിയോവാളുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ വികസന പദ്ധതികൾ, പൊതുസന്ദേശങ്ങൾ, സാമൂഹികം, സാംസ്കാരികം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ബോധവത്ക്കരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെയാണ് വീഡിയോവാളുകൾ സ്ഥാപിച്ചുവരുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോവാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം ആറ് ജില്ലകളിൽ വീഡിയോമാളുകൾ സ്ഥാപിച്ചുകഴിഞ്ഞു.

ഇന്ദിരാ ആവാസ് യോജന കേന്ദ്ര-സംസ്ഥാന വിഹിത അനുപാതം

7 (5354) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇന്ദിരാ ആവാസ് യോജനയുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതം നേരത്തെ എത്രയായിരുന്നുവെന്നും ഇപ്പോൾ എത്രയെന്നും വിശദമാക്കാമോ?